# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങളായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.3/134/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങളായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.3/134/2023 തീയ്യതി: 25/03/2023

## കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2022 മുതൽ 17-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 18-01-2023 | 27-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-01-2023 | 27-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ.എം,ഓഡിറ്റർ
ശ്രീ.ശ്രീനാഥ്.വി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.വി.മോഹനൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശാർങ്ഗധരൻ..എം | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി.സ്മിത.എസ് | സെക്രട്ടറി | 01-06-2021 | 08-07-2021 |
| ശ്രീ.രാജേഷ്.കെ.കെ | സെക്രട്ടറി | 09-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ.പി.പി | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2021 | 31-01-2022 |
| ശ്രീ.രൂപേഷ്.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-02-2022 | 31-03-2022 |
| ശ്രീമതി.അമിത.സിസിൽ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാക്കിർ മുഹമ്മദ് കുഞ്ഞി | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.കൃഷ്ണ പ്രിയ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 23-06-2021 |
| ഡോ.അമ്മു | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 24-06-2021 | 31-03-2022 |
| ഡോ.അന്ന ഗോപാൽ | വെറ്റിനറി സർജ്ജൻ | 01-04-2021 | 09-12-2021 |
| ഡോ.അജയ് ലോറൻസ് ഡിസിൽവ | വെറ്റിനറി സർജൻ | 10-12-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.കെ.കെ | വി ഇ ഒ,ചുഴലി സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.കെ.കെ | വി ഇ ഒ,ചെങ്ങളായി സർക്കിൾ | 01-04-2021 | 24-07-2021 |
| ശ്രീമതി.കവിത.കെ.കെ | വി ഇ ഒ,ചെങ്ങളായി സർക്കിൾ | 25-07-2021 | 31-03-2022 |
| ശ്രീമതി.നളിനമ്മ.കെ.ജി | ഐ സിഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്മിത.എസ് | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ .രാജു.പി | ഹെഡ് മാസ്റ്റർ | 01-04-2021 | 26-10-2021 |
| ശ്രീമതി.പുഷ്പ | ഹെഡ് മാസ്റ്റർ | 27-10-2021 | 31-03-2022 |
| ശ്രീമതി.വന്ദന.പി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.ടി.കെ | ഫിഷറീസ് സബ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ പദ്ധതി | 1-6 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ | 1-6-1 |
| 9 | ക്ഷേമ പെൻഷൻ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി | 1-10 |
| 13 | വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല | 1-11 |
| 14 | ജീവനക്കാരുടെ തൊഴി**ൽ** നികുതി ഒടുക്ക വരുത്തിയതിലെ അപാകതക**ൾ** - 240/- വരവ് നഷ്ടം | 1-12 |
| 15 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല | 1-13 |
| 16 | ലൈസൻസ് ഇല്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു. | 1-14 |
| 17 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-15 |
| 18 | എഫ്.ടി.ഇ & ഒ എസ് ലൈസ**ൻ**സ് അനുവദിച്ചതിലെഅപാകതക**ൾ** സംബന്ധിച്ച്. | 1-16 |
| 19 | അനധികൃത കെട്ടിട നി**ർ**മ്മാണം - രജിസ്റ്ററിലെ അപാകതകൾ | 1-17 |
| 20 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറിയുടെ വാടക ഈടാക്കിയതിലെ അപാകതക**ൾ** | 1-18 |
| 21 | തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധന – അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല – ₹217801 തടസ്സപ്പെടുത്തുന്നു. | 1-19 |
| 22 | എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല | 1-20 |

| | | |
|---|---|---|
| 23 | മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കയിട്ടില്ല - 80,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 24 | സാക്ഷരതാ പ്രേരക്കമാർക്ക് ഓണറേറിയം അനുവദിച്ചത് - തുക റീക്കുപ്പ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 25 | എം സി എഫിലേക്ക് വെയിംങ്ങ് & ബെയിലിംങ്ങ് മെഷീൻ സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയിട്ടില്ല – ₹566450 തടസ്സപ്പെടുത്തുന്നു. | 1-23 |
| 26 | കുഴൽ കിണർ നിർമ്മാണം - ഭൂജല ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-24 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ₹250000 ടെ മരുന്ന് ലഭ്യമായിട്ടില്ല | 1-25 |
| 28 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. | 1-26 |
| 29 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമിക്കാൻ ധനസഹായം പദ്ധതി - അപാകങ്ങൾ | 1-27 |
| 30 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്റ്റ് അപാകങ്ങൾ | 1-28 |
| 31 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം നൽകൽ പ്രോജക്റ്റ്- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം അനുവദിച്ചു | 1-29 |
| 32 | കോവിഡ് പ്രതിരോധം- മരുന്നും ഉപകരണങ്ങളും വാങ്ങൽ പ്രോജക്റ്റ്- ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-30 |
| 33 | അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല | 1-31 |
| 34 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-32 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-33 |
| 36 | ടെണ്ടർ ശതമാനം കുറവു വരുത്താതെ കരാറുകാരന് തുക അനുവദിച്ചു 39015 രൂപ ഈടാക്കേണ്ടതാണ് | 1-34 |
| 37 | ഒഴിഞ്ഞ ടാർ ബാരലിന്റെ ജി എസ് ടി ഈടാക്കി ഒടുക്കിയില്ല | 1-35 |
| ഭാഗം **2** | | |
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല - 240/- രൂപ നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | ടെണ്ടർ ശതമാനം കുറവു വരുത്താതെ കരാറുകാരന് തുക അനുവദിച്ചു 39015 രൂപ ഈടാക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് വേണ്ട തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ബജററിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. ബജറ്റ് പുതുക്കിയിട്ടില്ല.

| ബജറ്റ് | | തീരുമാനം തീയ്യതി |
|---|---|---|
| മുന്നിരിപ്പ് | 6853826 | 1/1/21(19/2/21) |
| വരവ് | 220258000 | |
| ആകെ | 227111826 | |
| ചെലവ് | 223076000 | |
| നീക്കയിരിപ്പ് | 4035826 | |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 02.08.2022 | തിരിച്ചയച്ചിട്ടില്ല |

സമയപരിധിക്കകം അക്കൗണ്ട് ലഭ്യമാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഔഷധ സസ്യ സംരക്ഷണം എന്ന പേരിൽ കേരള ഗ്രാമീൺ ബാങ്ക് അക്കൌണ്ടിൽ (A/c No.40521101039726) 31.3.2022ന് ₹504063 നീക്കിയിരിപ്പുണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. SBIയിലെ വസ്തു നികുതി E-Payment (A/c No.37221522864 ) അക്കൌണ്ടിൽ 31.3.2022 ന് ₹1763237 29.3.2022 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രം ഹാജരാക്കിയതിനാൽ (₹1733829) നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3. ചെങ്ങളായി സർവീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പുള്ള തുകയല്ല റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

| ബാങ്ക് ബുക്ക് പ്രകാരമുള്ള തുക | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|
| ₹7634794 | ₹7707545 |

4. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, I-1 ഷെഡ്യൂൾ എന്നിവ പ്രകാരം നികുതി ₹920280 ആണ്. എന്നാൽ RP-1 പ്രകാരം ₹900280 ആണ്. ₹20000 വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

5. Permit Fee For Construction Of Buildings എന്ന വരവിനത്തിലെ തുക വാർഷിക ധനകാര്യപത്രികയും (I-4 & RP-4 - ₹406267 ) രജിസ്റ്ററിലെ (₹405159) തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. Fee For Building Regularisation ഇനത്തിൽ ₹406267 വരവുണ്ട്. എന്നാൽ റഗുലറൈസേഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക സമയബന്ധിതമായി അടവാക്കിയിട്ടില്ല. കാരണം വ്യക്തമാക്കിയിട്ടില്ല.

| മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ |
|---|---|---|
| ₹354167<br>(B-9 2020-21) | ₹238521<br>(RP-35) | ₹592688<br>(B-9 2021-22) |

8. Sale Of Tender Forms ഇനത്തിൽ ₹128800 വരവുണ്ട്. ടെണ്ടർ ഫോം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9. RP-30 Donations To CMDRF എന്ന ഹെഡിൽ ₹56,681 വരവുണ്ട്. ടി തുക B-4 ൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. CMDRF ലേക്ക് അടവാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

10. വായ്പ ഇനത്തിലുള്ള ആകെ വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് എന്നി വ്യക്തമാക്കുന്ന രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

11. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല

12. പഞ്ചായത്ത് ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല. ഹരിത കർമ്മസേനയ്ക്ക് ബാറ്ററി ഓപ്പറേറ്റഡ് മുച്ചക്ര വാഹനം വാങ്ങിയത്, MCFലേക്ക് വെയിംങ്ങ് & ബെയിലിംങ്ങ് മെഷീൻ വാങ്ങിയത് എന്നിവ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.

13. ഗുണഭോക്തൃ വിഹിതം ഇനത്തിൽ കൊടുക്കുവാനുള്ള ₹214540 ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കിയിട്ടില്ല

14.B-15 ഷെഡ്യൂൾ പ്രകാരം Recievable From Govt. Others - ₹14,77,948 ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല

15. B-11 Fixed Asset ഇനത്തിൽ 2020-21 വർഷം രേഖപ്പെടുത്തിയ തുക ₹44,80,304തന്നെയാണ് 2021-22 ലും രേഖപ്പെടുത്തിയിട്ടുള്ളത്

16. ആസ്തി, ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല

17.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

18.2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/24.01.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16541993 |
| വരവ് | 86498255 |
| ആകെ | 103040248 |
| ചെലവ് | 86640672 |
| നീക്കിയിരിപ്പ് | 16399576 |
| വരവ് നഷ്ടം | 240 |
| ചെലവ് നഷ്ടം | 39015 |
| തടസ്സപ്പെടുത്തിയ തുക | 864251 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22279772 (19515172+ 2764600) | 22279772 | 21507000 | 772772 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4520667+ 73333 | 4594000 | 4594000 | 0 |
| വികസന ഫണ്ട്- ടി എസ് പി | 0 | 434971 | 434971 | 419000 | 15971 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7305523 | 7305523 | 3989530 | 3315993 |
| മെയിന്റനൻസ്-റോഡ് | 0 | 19428000 | 19428000 | 7873511 | 11554489 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 4759180 | 4759180 | 4481617 | 277563 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 10678842 | 10678842 | 6604629 | 4074213 |
| ടി എസ് സി | 2505662 | 0 | 2505662 | 0 | 2505662 |
| ശുചിത്വമിഷൻ ഫണ്ട് | 874481 | 180000 | 1054481 | 1011800 | 42681 |
| ഡബ്ല്യ ജി ഡി പി | 938447 | 0 | 938447 | 938447 | 0 |
| ഐ സി ഡി എസ് | 670488 | 1722363 | 23928518 | 2392851 | 0 |
| എം പി ഫണ്ട് | 88588 | 2416 | 91004 | 0 | 91004 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് -മറ്റ് ഏജൻസികൾ | 106761 | 0 | 106761 | 106761 | 0 |
| നിർമ്മൽ പുരസ്കാർ | 72164 | 0 | 72164 | 0 | 72164 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച |
|---|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | ക്കിയത് (എണ്ണം) | | | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 162 | 93363099 | 130 | 60123027 | 2 | 128 | 32 | 79% |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 4427860 | 2410284 | 54.43 |
| 2 | വെറ്റിനറി സർജന് | 7 | 7 | 3950000 | 2055064 | 52 |
| 3 | മെഡിക്കൽഓഫീസർ(എഫ്.എച്ച്.സി) | 4 | 4 | 2855000 | 2384989 | 83.53 |
| 4 | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 1 | 1 | 500000 | 500000 | 100 |
| 5 | വി.ഇ.ഒ | 14 | 14 | 21674000 | 14418018 | 66.52 |
| 6 | വി.ഇ.ഒ | 15 | 14 | 6578524 | 4358500 | 66.25 |
| 7 | ഐ സി ഡിഎസ് സൂപ്പർവൈസർ | 8 | 7 | 10006536 | 9614776 | 96 |
| 8 | സെക്രട്ടറി | 26 | 19 | 9520743 | 5089358 | 53.45 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 880000 | 97.7 |
| 10 | ഹെഡ് മാസ്റ്റർ | 2 | 1 | 1577040 | 1500000 | 95 |
| 11 | എസ് ഐ ഫിഷറീസ് | 1 | 1 | 138000 | 24694 | 17.8 |
| 12 | അസി.സെക്രട്ടറി | 4 | 4 | 850000 | 846000 | 99.52 |
| 13 | അസിഎഞ്ചിനീയർ | 72 | 50 | 30385396 | 16041344 | 50 |
| | ആകെ | 162 | 130 | 93363099 | 60123027 | 64.3 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 45913 | 1049284 | 1095197 | 1033618 | 61579 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 60773758 | 60773758 | 60773758 | 0 |
| ആകെ | 45913 | 61823042 | 61868955 | 61807376 | 61579 |

### 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്നത് ക്രമപ്രകാരമല്ല.

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി

ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. . തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/-രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെ വെണ്ടർ/ സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതും തുക ജി എസ് ടി വകുപ്പിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

2. മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

A) മെറ്റീരിയൽ തുക അനുവദിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് തുക പാസാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല. മെറ്റിരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തിയിട്ടില്ല.

B) മെറ്റീരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകളായി സമർപ്പിച്ചിട്ടുള്ളത് സാധനങ്ങൾ വാങ്ങിയ സ്ഥാപനത്തിൽ നിന്നും ലഭ്യമായ ബില്ലുകളല്ല .

3. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണം- ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണവിവരങ്ങൾ ഗ്രാമപഞ്ചായത്ത് ആസ്തിരജിസ്റ്ററിൽ (സചിത്ര സോഫ്റ്റ് വെയറിൽ) രേഖപ്പെടുത്തി കാലികമാക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. 2021-22 വർഷത്തിലുൾപ്പെടെ ഇതുവരെയായി പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ച പൊതു ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്താതെയിരിക്കുന്നതും അപാകമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36 തീയതി 27.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുകയും ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കുകയും ചെയ്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 9598000 | 614 |
| വിധവാ പെൻഷൻ | 20754200 | 1372 |
| വാർദ്ധക്യ കാല പെൻഷൻ | 34165400 | 2629 |
| വികലാംഗ പെൻഷൻ | 6571400 | 441 |
| അവിവാഹിത പെൻഷൻ | 829600 | 556 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-01-2023 തീയ്യതിയിൽ 11.30 Am ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16,830

(പതിനാറായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് പ്രവർത്തനം അവലോകനം ചെയ്യുന്നതിനുവേണ്ടി 7/21 ,9/21,10/21 ,11/21, 12/21 , 2/22 എന്നീ മാസങ്ങളിലാണ് ജീവനക്കാരുടെ യോഗം ചേർന്നിട്ടുള്ളത്. യോഗത്തിൽ പദ്ധതി പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം,നികുതി പിരിവ് ,ഫയൽ കുടിശ്ശിക എന്നീ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. എല്ലാ മാസങ്ങളിലും യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ജോയിന്റ് വെഞ്ചർ പദ്ധതി ഇനത്തിലെ വരവ് /ചെലവ് തുകകൾ നിരീക്ഷിക്കുവാനുള്ള രേഖകൾ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ. (എം.എസ്) 358/15 തി.16.12.2015 പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്സ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 2/509 | 64 ച.മീ | താഴത്തുവീട്ടിൽ സുമൻ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 3/172 A | താഴത്തെ നില (100 ച മീ ), ഒന്നാം നില (63 ച മീ ) | ചുക്കനാനിൽ ലിസ്സി സജി | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 3/249 | 73 ച.മീ | ബാലകൃഷ്ണൻ എം വി | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 6/96 | 89.48 ച.മീ | പി ഒ പ്രേമരാജൻ | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 6/159 | 95.76 ച.മീ | കെ ടി മാത്യൂ | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 6/160 | 71.4 ച.മീ | കെ ടി മാത്യൂ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | 6/212 | 61.2 ച.മീ | സുഭദ്ര അന്തർജനം | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 7/324 | 84.5 ച.മീ | ഫ്രാൻസിസ് നെടുമ്പള്ളി | രേഖപ്പെടുത്തിയിട്ടില്ല |
| 9 | 13/490 | 90 ച.മീ | കോയാടൻ ചോയിക്കുനിമ്മേൽ സതി | രേഖപ്പെടുത്തിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14 തീയതി 25.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും നികുതി ഇളവിന് അർഹത ഇല്ലാത്ത കെട്ടിടമാണെങ്കിൽ നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞ നിരക്ക് 10 രൂപയായും ഏറ്റവും കൂടിയ കൂടിയ നിരക്ക് 25 രൂപയായും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് പ്രസ്തുത വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25 തീയതി 26.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിസ്ഥാന നികുതി നിജപ്പെടുത്തേണ്ടതും ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ - 240/- വരവ് നഷ്ടം

2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ ചേർത്ത അപാകതകളുണ്ട്.

A) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ 240/- രൂപയുടെ കുറവുണ്ട്.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| സൽ സബീൽ പബ്ലിക്ക് സ്കൂൾ | ജമീല കെ പി | ക്ലാസ് IV | I | 33,625 | 180 | 300 | 120 |
| | ലൈല കെ പി | ക്ലാസ് IV | I | 33,625 | 180 | 300 | 120 |
| ആകെ | | | | | | | 240 |

B) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 33 | വിവേകാനന്ദ വിദ്യാ പീഠം | I,II |
| 35 | ബ്രാഞ്ച് പോസ്റ്റോഫീസ്, ചുഴലി | II |
| 74 | കണ്ണൂർ ബീ കീപ്പിംഗ് ക്ലസ്റ്റർ | I |

C) പഞ്ചായത്തുമായി മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

D) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17 തീയതി 24.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനും തൊഴിൽ നികുതി ഇനത്തിൽ കുറവുവന്ന തുക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ 2021-22 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 59 | പി വി അബ്ദുൾ ഖാദർ | ഫർണിച്ചർ വിൽപന | 11/261 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 72 | ദിലീപ് പി വി | അനാദിക്കട | 10/369 | പാർപ്പിടാവശ്യം |
| 74 | ഷജിത്ത് കെ പി | പലചരക്ക് സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപന | 14/595 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 79 | പത്മാക്ഷണൻ പി കെ | ഷീറ്റ്, മെഷീൻ, ചട്ടി എന്നിവ വാടകയ്ക്ക് നൽകുന്നതിന് | 17/404 | പാർപ്പിടാവശ്യം |
| 84 | സുബിൻ ദേവസ്യ | നോട്ട് ബുക്കുകൾ നിർമിച്ച് വിൽപന | 7/76 | പാർപ്പിടാവശ്യം |
| 95 | സി വി മീനാക്ഷി | റൈസ് & ഫ്ലോർ മിൽ | 6/16 | പാർപ്പിടാവശ്യം |
| 151 | ചെയർമാൻ, മലബാർ ഹണിവുഡ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് | മലബാർ ഹണിഫുഡ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് | 17/450 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 156 | ഫാത്തിമത്ത് ജസീല | റൈസ് & ഫ്ലോർ മിൽ | 12/244 A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 193 | രജിത സി പി | മെഡിക്കൽ ലാബ് | 14/2 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 245 | എ കുഞ്ഞിരാമൻ | അനാദിക്കച്ചവടം | 1/92 | പാർപ്പിടാവശ്യം |
| 264 | ശ്രീജ പി | ഹോട്ടൽ | 10/207 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 270 | കെ ഹരിദാസ് | ബേക്കറി സാധനങ്ങൾ | 18/193 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ |

| | | | | |
|---|---|---|---|---|
| | | നിർമിക്കുന്നതിന് | | പിരി ഷെഡ് |
| 352 | ബിനോ ജോർജ്ജ് | സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് | 4/61-C | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10 തീയതി 24.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കേണ്ടതും ആയത് തെറ്റാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും, സഞ്ചയയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിക്കുമ്പോൾത്തന്നെ സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വസ്തുനികുതി അനുയോജ്യമായ ഉപയോഗ ഗണത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ലൈസൻസ് ഇല്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്തീരാജ് വകുപ്പ് 232, 2012-ലെ കേരള പഞ്ചായത്തീരാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഫോറം 3 ൽ നൽകുന്ന ലൈസൻസ് കൂടാതെ ഫാമുകൾ നടത്തുന്നത് അനുവദനീയമല്ല. ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 5 ഫാമുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത, ചുവടെ ചേർത്ത ഫാമുകളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | ആനി ദേവസ്യ | 3/219,220 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 2 | സീന്റകത്ത് റംലത്ത് | 3/311 A,B,D,E,F | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 3 | അത്തിലാട്ട് വീട്ടിൽ ഭാസ്കരൻ | 17/499 B,C,D,E,F | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 4 | അബ്ദുൾ സത്താർ | 17/501 A,B,516 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഫാമുകൾക്ക് പ്രവർത്തിക്കുവാൻ ലൈസൻസ് ആവശ്യമാണ്. മേൽ പട്ടികയിൽ സൂചിപ്പിച്ച ഫാമുകൾ ഈ പരിധിയിൽ ഉൾപ്പെടുന്നവയാണോ എന്ന് വ്യക്തമല്ല. മേൽപറഞ്ഞ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാനും ലൈസൻസ് ഒഴിവാക്കിയതിനുള്ള കാരണം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37 തീയതി 27.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകളിൽ 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഫാമുകൾക്ക് ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി

ഈടാക്കിയിട്ടില്ല

2021-22 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 201 | വുഡ് വൈസ് വിനീർ | 17/487 C,D | 10 |
| 206 | ഗ്രീൻ പ്ലൈ വിനീർ | 17/501 K,J | 10 |
| 234 | നിട്ടുവായൂർ കാർ ക്ലീനിംഗ് | 7/291 | 4 |
| 254 | ഗ്രാന്റ് മോട്ടോർസ് | 8/472 B,C,I,J,K | 8 |
| 275 | കോർ സ്റ്റോൺസ് | 10/78 F | 8 |
| 311 | B Q ബേക്കറി | 14/64 | 8 |
| 312 | B Q ഹോട്ടൽ | 14/63 | 8 |
| 323 | എ എച്ച് ക്രിയേറ്റീവ് ഫാബ്രിക്കേഷൻ | 11/391 F | 5 |
| 336 | ഒറിഗാമി പേപ്പർ ബാഗ് | 15/284 | 5 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 18 തീയതി 25.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതും ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെഅപാകതകൾ സംബന്ധിച്ച്.

31.10.2017 ന് പ്രാബല്യത്തിൽ വന്ന സ ഉ (പി) നം 80/2017, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും

വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട എല്ലാ അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12 തീയതി 24.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് തല അന്വേഷണം നടത്തി സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതും ആയതിന് അനുസൃതമായ ലൈസൻസ് ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-17 അനധികൃത കെട്ടിട നിർമ്മാണം - രജിസ്റ്ററിലെ അപാകതകൾ

സഞ്ചയ പ്രകാരം ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ 13 അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | VI/558 A | കെ.കെ പത്മനാഭൻ | അസംബ്ലികെട്ടിടം, കൺവെൻഷൻസെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ |
| 2 | IX/1/UA | കെ.വി മുഹമ്മദ് അഷറഫ് | പാർപ്പിടാവശ്യം |
| 3 | IX/169 A – L (11 കെട്ടിടങ്ങൾ) | റെജി ജോസഫ് | അസംബ്ലികെട്ടിടം, കൺവെൻഷൻസെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ |

ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ കെട്ടിടങ്ങളെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന കെട്ടിടങ്ങളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16 തീയതി 25.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള അനധികൃതകെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ വിവരങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറിയുടെ വാടക ഈടാക്കിയതിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14/227 നമ്പർ കെട്ടിടം വനിതാ വ്യവസായ കേന്ദ്രത്തിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) മുറിയുടെ വാടക തുകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല. 800 രൂപ നിരക്കിലാണ് വർഷങ്ങളായി തുക ഈടാക്കി വരുന്നത്.

2) വാടക ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15 തീയതി 24.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്ത് തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-19 തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധന – അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല – ₹217801 തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൌച്ചർ നം. &തീയതി | തുക (₹) | ഇനം | അപാകം |
|---|---|---|---|---|
| 1 | 22100209/ 26.6.2021 | ₹4608 | ഓഫീസിലേക്ക് ആവശ്യമായ രജിസ്റ്റർ, ബുക്ക് - 18 എണ്ണം - ടാറ്റ ബുക്ക്സ് & സപോർട്സ് സെന്റർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. | സ്റ്റോക്കിലെടുത്തതിന്റെ വിവരം ഇല്ല. |
| 2 | 22100501/21.11.2021 | ₹15853 | ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ വ്യക്തിഗത പ്രൊട്ടക്ഷൻ സാധനങ്ങൾ - പിക്കർ ബേർഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്- | സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമായിട്ടില്ല |
| 3 | 22100544/ 9.11.2021 | ₹11775 | 100 മാന്വൽ രശീതി ബുക്ക് വാങ്ങിയതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് | സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമായിട്ടില്ല |
| 3 | 22100830/23.2.2022 | ₹93605 | സ്റ്റേഷണറി വാങ്ങിയതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് | |
| 4 | 22100170/25.6.2021 | ₹3870 | അരിമ്പ്ര അങ്കണവാടി, തോപ്പിലായി എസ് ടി കോളനി എന്നിവിടങ്ങളിൽ കുഴൽകിണർ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലാ ഓഫീസർ , ഭൂജല വകുപ്പിന് സർവെ ഫീസ് നൽകിയത് | ഫീസിബിലിറ്റി സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 5 | 22100324/16.8.2021 | ₹67800 | കുണ്ടുലാട്, തലക്കുളം അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി AE, KSEB ശ്രീകണ്ഠാപുരത്തിന് നൽകിയത്. | വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരവും കൺസ്യൂമർ നമ്പറും ലഭ്യമാക്കിയിട്ടില്ല |
| 6 | 22100268/26.7.2021 | ₹7413 | പയറ്റിയാൽ, തോപ്പിലായി, തവറൂൽ അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ | വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരവും കൺസ്യൂമർ നമ്പറും |

| | | | | |
|---|---|---|---|---|
| | | | ലഭിക്കുന്നതിന് വേണ്ടി AE, KSEB ശ്രീകണ്ഠാപുരത്തിന് നൽകിയത്. | ലഭ്യമാക്കിയിട്ടില്ല |
| 9 | 22100361/ 1.9.2021 | ₹11250 | ബാംബൂ പ്ലാന്റേഷൻ-തൈകളുടെ തുക KFRI ക്ക് അനുവദിക്കുന്നത് | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യിൽ ഉൾപ്പെടുത്തി ബാംബൂ പ്ലാന്റേഷൻ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |
| 10 | 22100437/30.9.2021 | ₹38000 IT -₹380 | മാലിന്യ ശേഖരണ കലണ്ടർ, ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീസ് കളക്ഷൻ കാർഡ് എന്നിവ പ്രിന്റ് ചെയ്യുതിന് മലബാർ ഓഫ്സെറ്റ് പ്രസ്സിന് നൽകിയത് | 1% ആദായ നികുതി കുറവ് ചെയ്തിട്ടില്ല |
| 11 | 22100828/23.2.2022 | ₹37862 IT-₹379 | വിവിധ പ്രിന്റിംഗ് പ്രവൃത്തികൾ ചെയ്യുതിന് മലബാർ ഓഫ്സെറ്റ് പ്രസ്സിന് നൽകിയത് | 1% ആദായ നികുതി കുറവ് ചെയ്തിട്ടില്ല |
| 12 | 22100826/23.2.2022 | ₹43424 IT-₹868 | 16 കമ്പ്യൂട്ടറുകളുടെ AMC പുതുക്കലുമായി ബന്ധപ്പെട്ട് Affinity IT System ന് നൽകിയത് | 2% ആദായ നികുതി കുറവ് ചെയ്തിട്ടില്ല |
| | ആകെ | 217801 | | |

അപാകങ്ങൾക്ക് വിശദീകരണം /രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് എൻക്വയറിയ്ക്ക് (നം. 28/27.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ചെലവ് തുകയായ ₹217801 തടസ്സപ്പെടുത്തുന്നു.

## 1-20 എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല

ജി ഒ (പി) നം.159/2021/ഫിൻ തീയതി 30.11.2021 പ്രകാരം 1.2.2022 മുതൽ (2022 ജനുവരിയിലെ ശമ്പളം) പ്രാബല്യത്തിൽ ജീവനക്കാരുടെ പോളിസി നിരക്ക് പുതുക്കി നിശ്ചയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ നിർദ്ദിഷ്ട നിരക്കിലും കുറവായായിട്ടാണ് എസ് എൽ ഐ പ്രീമിയം ഒടുക്കുന്നത്.

| ക്രമ നം | പേര്/തസ്തിക/അടിസ്ഥാന ശമ്പളം | ഒടുക്കുന്ന മാസ വരിസംഖ്യ ₹ | ഒടുക്കേണ്ടത് ₹ |
|---|---|---|---|
| 1 | രജനി എം വി, സീനിയർ ക്ലർക്ക് ₹45600 | ₹500 | ₹800 |
| 2 | മൈത്രി സോളമൻ, സീനിയർ ക്ലർക്ക് ₹39300 | ₹500 | ₹700 |
| 3 | ത്രേസ്യാമ്മ ഫ്രാൻസിസ്, സീ. ക്ലർക്ക് ₹39300 | ₹500 | ₹700 |
| 4 | പ്രദീപൻ ഐ വി, ക്ലർക്ക് | ₹350 | ₹800 |

| | | | |
|---|---|---|---|
| | ₹45600 | | |
| 5 | മനോജ് കുമാർ വി വാഴക്കൽ<br>₹287000 | ₹300 | ₹400 |
| 6 | സേതു പി, ഓഫീസ് അറ്റൻഡന്റ്<br>₹39300 | ₹300 | ₹600 |

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ പ്രീമിയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കയിട്ടില്ല - 80,000 രൂപ തടസ്സപ്പെടുത്തുന്നു.

2021-22 വർഷം ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലെ മഴക്കാല പൂർവശുചീകരണത്തിനായി പഞ്ചായത്ത് സെക്രട്ടറി, ചെങ്ങളായി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടെ പേരിൽ ₹1,80,000 (22000195/9.6.202) അനുവദിച്ചിട്ടുണ്ട്. 18 വാർഡുകളിൽ I,II,III,IV,V,VI,XVII,XVIII എന്നീ വാർഡുകളിൽ നടത്തിയ പ്രവൃത്തികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/27.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 8 വാർഡുകൾക്ക് അനുവദിച്ച 80,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 സാക്ഷരതാ പ്രേരക്കുമാർക്ക് ഓണറേറിയം അനുവദിച്ചത് - തുക റീക്കൂപ്പ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നമ്പർ,തീയതി-22100061 /27.4.2021 - ₹15840

വൗച്ചർ നമ്പർ,തീയതി-221000151 /8.6.2021 - ₹9000

ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ ചെങ്ങളായി, ചുഴലി തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരകുമാർക്ക് 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഓണറേറിയം മേൽ വൌച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 26-2-2021 ലെ സ.ഉ (സാധാ) നം.626/2021/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രേരകുമാർക്ക് നൽകുന്ന ഓണറേറിയം, സർക്കാർ ഫണ്ട് ലഭ്യമാകുന്ന മുറക്കും, സാക്ഷരത മിഷന്റെ തനത് ഫണ്ട് ലഭ്യമാകുന്ന മുറക്കും തിരികെ നൽകണം എന്ന വ്യവസ്ഥയിലാണ് തുക അനുവദിക്കാൻ നിർദ്ദേശിച്ചത്. ഇപ്രകാരം നൽകിയ തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/27.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹24840 റീക്കൂപ്പ് ചെയ്തതിന്റെ വിവരം റിപ്പോർട്ട് ചെയ്ത് തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-23 എം സി എഫിലേക്ക് വെയിംങ്ങ് & ബെയിലിംങ്ങ് മെഷീൻ സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹566450 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 87/22, എം സി എഫിലേക്ക് വെയിംങ്ങ് & ബെയിലിംങ്ങ് മെഷീൻ സ്ഥാപിക്കൽ |
| അടങ്കൽ & ചെലവ് | ₹540000 (CFC)<br>₹26450 (തനത് ഫണ്ട്)<br>₹566450 |
| ബിൽ നം. & തീയതി | 22100825/23.2.2022 - ₹9950<br>262/16.3.2022 - ₹530050 |

| | |
|---|---|
| | 266/16.3.2022 - ₹26450 |

ആലുവച്ചകരിയിൽ പ്രവർത്തിക്കുന്ന മെറ്റീരിയൽ കളക്ഷൻ സെന്ററിൽ വെയിംങ്ങ് & ബെയിലിംങ്ങ് മെഷീൻ സ്ഥാപിക്കുന്നതാണ് പ്രോജക്റ്റ്. ടി പ്രോജക്റ്റ് പ്രകാരം എ.കെ ട്രേഡേഴ്സ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും വെയിംങ്ങ് മെഷീനും ക്ലീൻ കേരള കമ്പനിയിൽ നിന്നും ബെയിലിംങ്ങ് മെഷീനും വാങ്ങിയിട്ടുണ്ട് . ഈ മെഷീനുകൾ MCF ൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/23.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ മേൽ ഇനത്തിലുള്ള ചെലവ് തുക ₹566450 തടസ്സപ്പെടുത്തുന്നു.

## 1-24 കുഴൽ കിണർ നിർമ്മാണം - ഭൂജല ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

പെർമിറ്റ് നം SC1-BA (112992)/2021 തീയതി 16/04/2021 പ്രകാരം വിജയൻ എൻ വി എന്ന വ്യക്തിക്ക് പാർപ്പിട നിർമാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. (അപേക്ഷ നം. SC1/2002/2021 തീയതി 15/04/2021). കിണർ നിർമാണത്തിനുള്ള പെർമിറ്റും ഇതോടൊപ്പം അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ പ്ലാനിനോടൊപ്പം കുഴൽ കിണറിന്റെ പ്ലാനാണ് അപേക്ഷകൻ സമർപ്പിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ , ചട്ടം 91 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതി കൂടാതെ കിണർ/കുഴൽകിണർ കുഴിക്കാൻ പാടില്ല. കുഴൽ കിണറുകളുടെ കാര്യത്തിൽ പെർമിറ്റ് നൽകുന്നതിനു മുമ്പ് ഭൂഗർഭ ജല വിഭാഗത്തിൽ നിന്ന് NOC വാങ്ങിക്കേണ്ടതായിട്ടുമുണ്ട്. എന്നാൽ ഇത്തരത്തിൽ ഭൂജല ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24 തീയതി 27.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ₹250000 ടെ മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
